# KSFE OFFICERS' UNION THRISSUR

REGISTERED UNDER TRADE UNION ACT, 1926
Reg. No. 02/01/2015
e-mail : ksfeounews@gmail.com ksfeousc@gmail.com
Website : www.ksfeou.com

| President | Working President | General Secretary |
|---|---|---|
| ADV. K.N. BALAGOPALAN M.P. | ADV. R. RAGHAVAN PILLAI | G. THOMAS PANICKER |
| 9446545577 | 9447044889 | 9496584950 |

21.08.2015

സർക്കുലർ നമ്പർ 11/2015

സഖാക്കളെ,

ബോണസ് ഇൻസെന്റീവ് ചർച്ച ഇന്ന് കോട്ടയത്തുവച്ച് നടന്നു. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് അഡ്വ. ആർ. രാഘവൻ പിള്ളയും മറ്റു സെക്രട്ടേറിയറ്റ് അംഗങ്ങളും പങ്കെടുത്തു.209.48 കോടി രൂപ ലാഭവും 25.55 കോടി രൂപ allocable surplus ഉം കാണിച്ചുള്ള കണക്കാണ് മാനേജ്മെന്റ് ചർച്ചയ്ക്ക് നൽകിയത്. നമ്മുടെ സ്ഥാപനത്തിന് അനുകൂലമായി FEMA യിൽ ഇളവു ലഭിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രവാസികൾക്ക് നേരിട്ട് ചിട്ടിചേരാൻ അനുമതി ലഭിച്ചിട്ടുണ്ടെന്നും Surface Act നമ്മുടെ സ്ഥാപനത്തിനുകൂടി ബാധകമാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണെന്നും അതു ലഭിച്ചാൽ ഇതര സംസ്ഥാനങ്ങളിൽ നമ്മുടെ ശാഖകൾ അതാത് സംസ്ഥാന ഗവൺമെന്റുകളുടെ അനുമതിയോടെ ആരംഭിക്കാനാവുമെന്നും ചെയർമാൻ തുടക്കത്തിൽ അറിയിച്ചു.

ലഭ്യമാക്കിയിട്ടുള്ള കണക്കിൽ യഥാർത്ഥ ലാഭമല്ലെന്നും 137.66 കോടി നികുതി നൽകിയ സ്ഥാപനത്തിന്റെ യഥാർത്ഥലാഭം 405.023 കോടി രൂപയാണെന്നും ശരിയായ കണക്ക് ലഭ്യമാകണമെന്നും ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ശരിയായ കണക്ക് മാനേജ്മെന്റിന് നൽകേണ്ടിവന്നു. 2014-15 ലെ Profit details

| | | | | |
|---|---|---|---|---|
| Net Profit | - | Rs | 405.02 | crores |
| Provision for bad debts | - | Rs | 67.59 | ,, |
| Service charges paid to Govt. | - | Rs | 85.43 | ,, |
| Guarantee commission | - | Rs | 32.40 | ,, |
| Provision for leave surrender salary | - | Rs | 10.12 | ,, |
| Book profit | - | Rs | 209.48 | ,, |

നമ്മുടെ സ്ഥാപനത്തിൽ 335 പേർക്ക് മാത്രമേ ബോണസിന് അർഹതയുള്ളൂ. (20%). ഫെസ്റ്റിവൽ അലവൻസായി സർക്കാരിലെ പോലെ 2400 രൂപ എല്ലാവർക്കും ലഭിക്കുന്നതാണ്. ഫെസ്റ്റിവൽ അലവൻസായി ഏജന്റുമാർക്ക് 900 രൂപയും അപ്രൈസർമാർക്ക് 2500 രൂപയും എക്സ് സർവ്വീസ് അസിസ്റ്റന്റ്, OA എന്നിവർക്ക് യഥാക്രമം 2800,2600 രൂപയും ലഭിക്കുന്നതാണ്. റിട്ടയർ ചെയ്യുന്ന ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകാൻ കഴിയില്ല എന്ന വാദമുന്നയിച്ച മാനേജ്മെന്റിന് നമ്മുടെ ശക്തമായ നിലപാടിനെ തുടർന്ന് 2100 രൂപ അനുവദിക്കേണ്ടി വന്നു. ഫെസ്റ്റിവൽ അഡ്വാൻസായി ഓഫീസർമാർക്ക് 46000

രൂപയും വർക്കുമെൻ വിഭാഗത്തിന് 42000 രൂപയും പി.ടി.എസ് ന് 33000 രൂപയും ലഭിക്കുന്നതാണ്. പരമാവധി തുകയിൽ കുറവ് ആവശ്യപ്പെടുന്നവർക്ക് അത് നൽകുന്നതായിരിക്കും. ഇതോടൊപ്പം നിക്ഷേപ വായ്പ അനുപാതം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നാം അവതരിപ്പിച്ചു. ഉച്ചയ്ക്കുശേഷം മാനേജ്മെന്റ് തലത്തിലും തുടർന്ന് ബഹു. ധനമന്ത്രിയുടെ സാന്നിദ്ധ്യത്തിലും നടന്ന ചർച്ചയിൽ 2014-15 വർഷത്തിൽ ലഭിച്ച ശമ്പളത്തിൽ 8.25 % ഇൻസെന്റീവ് നൽകാൻ തീരുമാനമായി. (പരമാവധി പരിധി 1 ലക്ഷം രൂപ) അഡ്വാൻസ് 22 നും ഇൻസെന്റീവ് 26 ന് മുമ്പും വിതരണം ചെയ്യുന്നതാണ്. വൈകിട്ട് നമ്മുടെ സംസ്ഥാന സെക്രട്ടറിയേറ്റ്യോഗം ചേർന്ന് ഇൻസെന്റീവ് ലെവിയായി ലഭിക്കുന്ന തുകയുടെ 2% നിശ്ചയിച്ചു. വാർഷിക വരിസംഖ്യ (300 രൂപ) യും ഇതോടൊപ്പം വിതരണം ചെയ്യുന്ന ദിവസം തന്നെ ശേഖരിച്ച് സംസ്ഥാന ട്രഷറർക്ക് കൈമാറേണ്ടതാണ്

**സെപ്റ്റംബർ 2 അഖിലേന്ത്യാ പണിമുടക്ക്**

ദേശീയതലത്തിൽ ട്രേഡ്യൂണിയനുകളും സർവ്വീസ് സംഘടനകളും 10 ഇന ആവശ്യങ്ങൾ ഉയർത്തി നടത്തുന്ന പണിമുടക്കിൽ നമ്മുടെ അംഗങ്ങളും പങ്കെടുക്കാൻ തീരുമാനിച്ചു. നമ്മുടെ ശമ്പള പരിഷ്കരണം ഉൾപ്പടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നാം പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ലാ കമ്മിറ്റികൾ പണിമുടക്ക് പൂർണ്ണമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

**സ. പി. യഹിയയുടെ സസ്പെൻഷൻ പിൻവലിച്ചു**

മാനേജ്മെന്റിന്റെ അഴിമതിയ്ക്കും മാനദണ്ഡ ലംഘനങ്ങൾക്കും കൂട്ടുനിൽക്കാത്തതിന്റെ പേരിൽ സസ്പെൻഡ് ചെയ്ത സ. പി. യഹിയയെ സർവ്വീസിൽ തിരിച്ചെടുത്തു. മാനേജ്മെന്റിന്റെ കടുത്ത സമ്മർദ്ധങ്ങളേയും ഭീക്ഷണിയേയും അതിജീവിച്ചാണ് ഈ സമരം വിജയിച്ചത്. സമരപ്രക്ഷോഭങ്ങൾ വിജയിപ്പിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. പ്രശ്നപരിഹാരത്തിനായി ശക്തമായി ഇടപെട്ട സഖാക്കൾ ഡോ.തോമസ് ഐസക്ക് എം.എൽ.എ,, കെ.എൻ. ബാലഗോപാൽ എം.പി, എ.കെ ബാലൻ എം.എൽ.എ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. എല്ലാ ഘട്ടങ്ങളിലും ഇടപെട്ട് സമരം വിജയത്തിലെത്തിച്ച വർക്കിംഗ് പ്രസിഡന്റ് സ: അഡ്വ.ആർ രാഘവൻപിള്ളയോടുള്ള പ്രത്യേക നന്ദി അറിയിക്കുന്നു. മാനേജ്മെന്റിന്റെ ഭീഷണിയെ സധൈര്യം നേരിട്ട സ. പി. യഹിയയെ അഭിവാദ്യം ചെയ്യുന്നു.

സമര പ്രക്ഷോഭത്തിന്റെ ഫലമായിട്ടാണ് മാനേജർ ട്രാൻസ്ഫർ ഉത്തരവിറക്കാൻ മാനേജ്മെന്റ് സന്നദ്ധമായത്. ഈ ഉത്തരവിലെ അപാകതകൾ ഉടൻ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് മാനേജർ സ്ഥലം മാറ്റം ഉടൻ ഉത്തരവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വൈകിയാൽ നാം ശക്തമായി പ്രക്ഷോഭത്തിന് രൂപം നൽകുന്നതാണ്. മെച്ചപ്പെട്ട ശമ്പളപരിഷ്ക്കരണം നേടിയെടുക്കുന്നതിനും സ്ഥാപനത്തെയും ജീവനക്കാരെയും സംരക്ഷിക്കാൻ ശക്തമായ പോരാട്ടങ്ങളിലൂടെ നമുക്ക് മുന്നേറാം.

***എല്ലാ കെ.എസ്.എഫ്.ഇ കുടുംബാംഗങ്ങൾക്കും ഐശ്വര്യപൂർണ്ണവും സമ്പൽസമൃദ്ധവുമായ ഒരു പൊന്നോണം ആശംസിക്കുന്നു.***

അഭിവാദനങ്ങളോടെ,

തോമസ്പണിക്കർ.ജി
ജന.സെക്രട്ടറി